# THANAL HOSPICE

OUR DREAM PROJECT




Thanal
PAIN & PALLIATIVE CARE UNIT
(Reg.No.122/IV/12)

## തണൽ

**പാലിയേറ്റീവ് & പാരാപ്ലീജിക് കെയർ സൊസൈറ്റി**


**തണൽ വില്ലേജ്, പേഴയ്ക്കാപ്പിള്ളി, മൂവാറ്റുപുഴ**
എറണാകുളം ജില്ല, കേരള, ഇന്ത്യ, പിൻ- 686 673

Call: +91 9746285405, 9846927750,Office: 9288088822

E-mail: thanalmuvattupuzha@gmail.com www.facebook.com/thanalmuvattupuzha

Web: www.thanalmuvattupuzha.org

# തണൽ
# പ്രവർത്തനപാതയിൽ

പ്രിയ സഹോദരാ!

**കാരുണ്യവാനായ രക്ഷിതാവിന്റെ അനുഗ്രഹത്താൽ** തണൽ ട്രസ്റ്റ് അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി മറ്റൊരു വലിയ ഉത്തരവാദിത്തംകൂടി ഏറ്റെടുത്തു പ്രവർത്തനം ആരംഭിച്ച സന്തോഷവാർത്ത താങ്കളെ അറിയിക്കുന്നു. നമ്മുടെ പുതിയ സ്വപ്ന പദ്ധതിയായ **"തണൽ ഹോസ്പിസ്"** (പാലിയേറ്റീവ് ബ്ലോക്ക്) **9000 സ്ക്വയർ ഫീറ്റിൽ, 3 നിലകളിലായി** ആധുനിക സൗകര്യങ്ങളോടെ നിർമ്മാണം ആരംഭിച്ച് ഒന്നാം നിലയുടെ കോൺക്രീറ്റ് കഴിഞ്ഞു. ഒന്നാം നിലയിൽ **21 പാലിയേറ്റീവ്** രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവും രണ്ടാം നിലയിൽ **ഫിസിയോ തെറാപ്പി സെന്ററും** 3-ാം നിലവിൽ **അഗതി മന്ദിരവു**മായിട്ടാണ് ഉദ്ദേശിക്കുന്നത്. **2 കോടി രൂപ** പദ്ധതി പൂർത്തീകരണത്തിന് ആവശ്യമാണ്. നിലവിലെ പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം **50,000/-രൂപ** പ്രതിമാസം ആവശ്യമുള്ള അവസ്ഥയിലാണ് ഭീമമായ സംഖ്യ ചിലവു വരുന്ന പുതിയ പ്രൊജക്ട് നമ്മൾ ഏറ്റെടുക്കുന്നത്. ഇന്ന് സമൂഹത്തിൽ ഏറ്റവും ഉത്തരവാദിത്തത്തോടെ ഇടപെടൽ നടത്തേണ്ട മേഖലയാണ് പാലിയേറ്റീവ് പരിചരണ സംരംഭങ്ങൾ.

**തണൽ പാലിയേറ്റീവ് & പാരാപ്ലീജിക് കെയർ യൂണിറ്റ്** അതിന്റെ പ്രവർത്തനങ്ങൾ **12-ാം വർഷത്തിലേക്ക്** പ്രവേശിച്ചിരിക്കുകയാണ്. ചെറിയ ഭൗതിക സൗകര്യങ്ങളോട് കൂടി പ്രവർത്തനമാരംഭിച്ച തണൽ നിലവിൽ **66073 ഗൃഹകേന്ദ്രീകൃത** സന്ദർശന പരിചരണത്തിൽ **ആയിരത്തി അറുനൂറോളം (1615)** അവശത അനുഭവിക്കുന്ന രോഗികൾക്ക് പരിചരണത്തിലൂടെ സാന്ത്വനം നൽകികൊണ്ട് സേവനം തുടരുകയാണ്. മൂവാറ്റുപുഴ മുനിസിപ്പാലിറ്റി ഉൾപ്പെടെ ഏഴിൽ പരം പഞ്ചായത്തുകളിൽ തണലിന്റെ സേവനം നൽകുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനത്തോടൊപ്പം ഇതര സാമൂഹിക ഇടപെടലുകളിലൂടെയും തണലിന്റെ സേവനം നൽകിവരുന്നു.

കോവിഡ് 19 കാലത്ത് പാലിയേറ്റീവ് പ്രവർത്തനത്തോടൊപ്പം തന്നെ കോവിഡ് രോഗികളെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനും അവർക്കാവശ്യമായ പരിചരണങ്ങൾ നൽകുന്നതിലും പ്രത്യേക പരിഗണന നൽകികൊണ്ട് തണലിന്റെ നേതൃത്വത്തിൽ ഒരു ആംബുലൻസ് ഉൾപ്പെടെ കോവിഡ് എമർജൻസി വിഭാഗവും പ്രവർത്തിച്ചുവരുന്നു.

കഴിഞ്ഞ പതിനൊന്ന് വർഷമായി തണലിന്റെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ നൽകിയിട്ടുള്ള പിന്തുണ വിലമതിക്കാനാവാത്തതാണ്. അതിന് സർവ്വശക്തൻ അർഹമായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തണലിന്റെ പ്രവർത്തനങ്ങളുടെ സാമ്പത്തിക സ്രോതസ് സുമനസുകളുടെ സാമ്പത്തിക സഹായവും നൂറിൽ പരം സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കളക്ഷൻ ബോക്സുകളിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാനവുമാണ്. സേവനം ആവശ്യമുള്ളവർ നിങ്ങളുടെ വീട്ടിലാകാം അയൽപക്കത്താവാം നാട്ടിലാവാം. എവിടെ ആയിരുന്നാലും അവരെ പരിചരിക്കാൻ സന്നദ്ധരായി തണൽ പ്രവർത്തകരുണ്ട്. നിർദ്ധനരും ശയ്യാവലംബികളുമായ രോഗികൾക്കുവേണ്ടിയുള്ള ഈ സത്കർമ്മത്തിൽ താങ്കളുടെ എല്ലാവിധ അകമഴിഞ്ഞ സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു. സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

*പ്രാർത്ഥനയോടെ*


**സി.എ.ബാവ**
ചെയർമാൻ
തണൽ ചാരിറ്റബിൾ ട്രസ്റ്റ്
പേഴയ്ക്കാപ്പിള്ളി, മൂവാറ്റുപുഴ
+91 9400692548

# താങ്കൾക്കും പങ്കാളിയാകാം...
# ഈ സത്കർമ്മത്തിൽ !

| പാലിയേറ്റീവ് ബ്ലോക്ക് | ഫിസിയോതെറാപ്പി യൂണിറ്റ് | അഗതിമന്ദിരം |
|---|---|---|

താമസത്തിനും ചികിത്സയ്ക്കുമുള്ള 35 മുറികൾ ഉൾപ്പെടുന്ന ഈ സമുച്ചയത്തിന് 2.5 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 5,00,000 രൂപയാണ് 250 സ്ക്വയർഫീറ്റുള്ള ഒരു മുറിയുടെ നിർമ്മാണചെലവ്. 15000 സ്ക്വയർഫീറ്റിൽ നിർമ്മിക്കുന്ന ഈ പദ്ധതിയിലേക്ക് സ്ക്വയർഫീറ്റിന് 2000 രൂപ സംഭാവന നൽകി നിങ്ങൾക്കും പങ്കാളിയാകാം.

നിർധനരായ രോഗികളുടെ ചികിത്സയിലൂടെ സ്വയംപര്യാപ്തരാക്കാനുള്ള ഈ പരിശ്രമത്തിൽ നിങ്ങളോട് വേർപിരിഞ്ഞ നിങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മകൾ അവരുടെ പേരിനൊപ്പം നിത്യഹരിതമാക്കുവാനുള്ള അവസരമാണ് ഇതിലൂടെ തണൽ ഒരുക്കിയിട്ടുള്ളത്.

നമ്മിൽ നിന്നും യാത്രയായ പ്രിയപ്പെട്ടവരുടെ പേരിൽ ഒരു മുറിയുടെ നിർമ്മാണചെലവ് ഏറ്റെടുക്കുന്നതിലൂടെ അവരുടെ ഓർമ്മകൾക്ക് മേൽ നന്മയുടെ നിലയ്ക്കാത്ത തണൽകൂടിയാണ് നൽകാനാവുക.






# എന്താണ് സാന്ത്വനപരിചരണം?



ഒരു വ്യക്തിയുടെ അന്ത്യ നിമിഷങ്ങൾ സമാധാനപൂർണ മായ അവസ്ഥയിൽ മരണം വരിക്കുക എന്നുള്ളത് വളരെ പ്രധാനമാണ്. ഇവിടെയാണ് സാന്ത്വന ചികിത്സാ രീതി ഫലപ്രദമാകുന്നത്. ചികിത്സകൊണ്ട് പൂർണ്ണമായി ഭേദപ്പെടുത്തുവാൻ കഴിയാത്ത രോഗങ്ങളാൽ ദുരിതമ നുഭവിക്കുന്നവർക്ക് ശാരീരികവും മാനസികവും സാമൂ ഹികവും ആത്മീയ വുമായ ബുദ്ധിമുട്ടുകൾ ലഘൂകരി ക്കുന്നതിനുവേണ്ടിയുള്ള പരിചരണരീതിയാണ് പാലി യേറ്റീവ് കെയർ അഥവാ സാന്ത്വന ചികിത്സ.

ജീവിതത്തിന്റെ ആയുസ്സ് നീട്ടിക്കൊടുക്കലല്ല, മറിച്ച് ശേഷിക്കുന്ന ജീവിതകാലം വേദനാരഹിതമായും ശുഭാപ്തിവിശ്വാസത്തോടെയും കഴിയുവാൻ രോഗി കളെ സഹായിക്കുകയെന്നതാണ് പാലിയേറ്റീവ് കെയ റിന്റെ ലക്ഷ്യം.

# സേവന പ്രവർത്തനങ്ങൾ




## തണൽ എമർജൻസി സർവ്വീസ് ആരംഭിച്ചു

കോവിഡ് ബാധിതരേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ അത്യാവശ്യ ഘട്ടങ്ങളിൽ സൗജന്യ മായി ആശുപത്രിയിൽ എത്തിക്കുവാനും മരണപ്പെട്ട വരെ കൊണ്ടുപോകുന്നതിനും തണൽ എമർജൻസി സർവ്വീസുകൊണ്ട് ലക്ഷ്യമാക്കുന്നു.

## ഹോംകെയർ (ഗൃഹസമ്പർക്ക പരിചരണം)

ആഴ്ചയിൽ അഞ്ച് ദിവസവും (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, ശനി) രാവിലെ 9.30 മുതൽ നഴ്സുമാരുടേയും പരിശീലനം സിദ്ധിച്ച വോളന്റി യർമാരുടേയും ടീം, കിടപ്പ്‌രോഗികളുടെ വീടുകൾ സന്ദർശിച്ച് അവരെ പരി ചരിക്കുകയും അവർക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളും മരുന്നു കളും സർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിട്ടുന്നതിനാവശ്യ മായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. അവിശ്യഘട്ടങ്ങളിൽ ഡോക്ടറുടെ സേവനവും നൽകുന്നു.



## ഒ. പി. ക്ലിനിക്

കോട്ടയം മെഡിക്കൽ കോളേജ് സർജിക്കൽ ഡിപ്പാർട്ട്മെന്റ് HOD ആയി പ്രവർത്തിച്ച ഡോ.ജേക്കബ്, തണലിന്റെ ഒ.പി.ക്ലിനിക് നിയന്ത്രിക്കുന്നു. മാസത്തിലെ ആദ്യത്തെ വ്യാഴാഴ്ച ഉച്ചക്ക് 2 മണിമുതൽ നിർധനരോഗി കൾക്ക് സൗജന്യ കൺസൾട്ടിംഗും മരുന്നുവിതരണവും നടത്തുന്നു.



₹ 3000/-
AIRBED



₹ 6000/-
WHEELCHAIR



₹ 12000/-
HYDRAULIC BED



₹ 40000/-
OXYGEN CONCENTRATOR

# മെഡിക്കൽ ഉപകരണങ്ങൾ നൽകികൊണ്ട് തണലിന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളിയാകാം



₹ 6000/-
SUCTION MACHINE

## ഇതുവരെ വിതരണം ചെയ്ത ഉപകരണങ്ങൾ

| | |
|---|---|
| • എയർബെഡ് | 420 |
| • വീൽചെയർ | 390 |
| • ഹൈഡ്രോളിക് കട്ടിൽ | 219 |
| • ഓക്സിജൻ സിലിണ്ടർ | 252 |
| • ഓക്സിജൻ കോൺസൻട്രേറ്റർ | 8 |
| • സക്ഷൻ മെഷ്യൻ | 33 |
| • ഓക്സിമീറ്റർ | 17 |
| • ബൈപാപ് മെഷ്യൻ | 7 |
| • വാക്കർ | 251 |
| • വാക്കിംഗ് സ്റ്റിക്ക് | 83 |
| • ബാത്ത്റൂം ചെയർ | 42 |
| • നെബുലൈസർ | 62 |
| • ബെഡ്പാൻ | 35 |
| • യൂറിനൽ | 56 |




₹ 1500/-
OXIMETER



₹ 17500/-
BIPAP MACHINE



₹ 15000/-
OXYGEN CYLINDER

# പാരാപ്ലീജിയ സംഗമങ്ങൾ
## (ഭിന്നശേഷിക്കാരുടെ ഒത്തുചേരൽ)



അപകടങ്ങളാലോ മാരകരോഗങ്ങളാലോ നട്ടെല്ലിന് ക്ഷതം സംഭവിച്ച് നാലുചുവരുകൾക്കുള്ളിൽ കഴിയാൻ വിധിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും വേണ്ടി നടത്തപ്പെടുന്ന ഭിന്നശേഷിക്കാരായവരുടെ ഒത്തുചേരൽ. ഇതിലൂടെ ഇവർക്ക് ആത്മവിശ്വാസം നൽകുകയും സ്വയംതൊഴിൽ പരിശീലനങ്ങളിലൂടെ ജിവിതമാർഗത്തിനുള്ള വരുമാനങ്ങൾ ലഭ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും മാനസിക ഉല്ലാസത്തിനുള്ള പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

# നാളിതുവരെയുള്ള പ്രവർത്തനങ്ങൾ

| | |
|---|---|
| ആകെ ഗൃഹസന്ദർശന പരിചരണം | 66123 |
| ആകെ രജിസ്ട്രേഷൻ | 1578 |
| മരണപ്പെട്ടവർ | 914 |
| നിലവിലുള്ള രോഗികൾ | 664 |
| ക്യാൻസർ ബാധിതർ | 53 |
| വാർദ്ധക്യം ബാധിച്ചവർ | 225 |
| ഡയബറ്റിക് രോഗികൾ | 121 |
| നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ | 20 |
| കഴുത്തിന് കീഴ്പ്പോട്ട് തളർന്നവർ | 5 |
| വൃക്കരോഗികൾ | 13 |
| സോറിയാസിസ് | 2 |
| ആർത്രൈറ്റിസ് | 3 |
| ഡയാലിസിസ് | 4 |
| നിക്കോട്ടിൻ | 03 |
| ഫ്രാക്ച്ചർ | 50 |
| റ്റി. ബി. ബാധിതർ | 2 |
| സി. വി. എ. | 119 |
| ഔട്ട് പേഷ്യന്റ് | 90 |
| യൂറിൻ റ്റൂബ് ഇട്ടുകിടക്കുന്നവർ | 90 |

**S.B.A/c No.4473000100026399**
**Punjab National Bank, Muvattupuzha**
**IFSC Code:PUNB0447300**

G Pay

**+91 9495 924 766**

### ട്രസ്റ്റ് മാനേജ്മെന്റ്

**സി. എ. ബാവ**
ചെയർമാൻ

**ലൈല സാദിഖ്**
വൈസ് ചെയർമാൻ

**നാസർ ഹമീദ്**
ജന.സെക്രട്ടറി

**കെ. കെ. മുസ്തഫ**
ജോ.സെക്രട്ടറി

**വി. കെ. യാസർ**
ട്രഷറർ

### വർക്കിംഗ് കമ്മിറ്റി എക്സിക്യൂട്ടീവ്

**റ്റി. എം. അബ്ദുൾസലാം**
പ്രസിഡന്റ്

**സുമയ്യ ഫസൽ**
വൈസ് പ്രസിഡന്റ്

**എം. എം. കബീർ**
വൈസ് പ്രസിഡന്റ്

**സാഫ് ബിൻ അസ്ലം**
ജന.സെക്രട്ടറി

**നിയാസ് റ്റി. എ.**
ജോ.സെക്രട്ടറി

**മുഹമ്മദ് നായിഫ്**
ജെന്റ്സ് കോ-ഓർഡിനേറ്റർ

### വോളന്റിയർമാർ

| | |
|---|---|
| സ്ത്രീകൾ | 40 |
| പുരുഷന്മാർ | 50 |
| സ്റ്റാഫ് നഴ്സ് | 02 |
| ഡോക്ടർ (കൺസൾട്ടന്റ്, ഫിസിഷ്യൻ) | 02 |




ഓട്ടിസം ബാധിതർക്കുള്ള ഓണകിറ്റ് വിതരണം ഉദ്ഘാടനം
മൂവാറ്റുപുഴ എം. എൽ. എ. ഡോ. മാത്യുകുഴൽനാടൻ നിർവ്വഹിക്കുന്നു




തണൽ വോളന്റിയർ പരിശീലന ക്യാമ്പ് ബഹു. എം. പി.
അഡ്വ. ഡീൻ കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുന്നു



പാലിയേറ്റീവ് ദിനത്തിൽ മൂവാറ്റുപുഴ സെൻട്രൽ ജുംഅ മസ്ജിദ് ഇമാം
ശിഹാബുദ്ദീൻ ഫൈസിയും പേഴയ്ക്കാപ്പിള്ളി സെൻട്രൽ മസ്ജിദ് ഇമാം
മൗലവി അബ്ദുൾബാരിയും തണൽ ഹോം കെയറിൽ



പാലിയേറ്റീവ് ദിനത്തിൽ തണൽ നഴ്സ് ബിന്ദു വേലായുധനെ
മർവ ചാരിറ്റബിൾ ട്രസ്റ്റ് ആദരിച്ചപ്പോൾ



തണൽ വോളന്റിയർമാർ മുണ്ടക്കയം കൂട്ടിക്കൽ ദുരന്തഭൂമിയിൽ
സേവനത്തിൽ



ഈസ്റ്റ്മാറാടി എൻ. എസ്. എസ്. വോളന്റിയർമാർ
പാലിയേറ്റീവ് രോഗിയെ സന്ദർശിച്ച് ഉപഹാരങ്ങൾ നൽകുന്നു



ക്രിസ്തുമസ് മത സൗഹാർദ്ദ സംഗമം



കൊച്ചിൻ ഷിപ്യാർഡ് നൽകിയ ഹോംകെയർ സർവ്വീസ് വാഹനത്തിന്റെ
താക്കോൽ സി. എസ്. ആർ. ഡെപ്യൂട്ടി മാനേജർ നൽകുന്നു



മാനവ സൗഹാർദ്ദ സംഗമം



കോവിഡ് ബാധിച്ച് മരണപ്പെട്ടയാളെ തണൽ വോളന്റിയർമാർ സംസ്കരിക്കുന്നു




പാലിയേറ്റീവ് ദിന സന്ദേശവുമായി സ്പെഷ്യൽ ഹോംകെയറിൽ




തണൽ വോളന്റിയർമാർ കോവിഡ് പ്രതിരോധപ്രവർത്തനത്തിൽ



തണൽ വോളന്റിയർ കുടുംബം

# Thanal

## PALLIATIVE & PARAPLEGIC CARE SOCIETY

Thanal
PAIN & PALLIATIVE CARE UNIT
(Reg.No.122/IV/12)

Initiative by: Thanal Charitable Trust (Reg.No.122/IV/12)
**Thanal Village, Pezhakkappilly,** Muvattupuzha, Ernakulam Dist., Kerala, India. Pin- 686 673
Call: +91 9746285405, 9846927750,Office: 9288088822
E-mail: thanalmuvattupuzha@gmail.com
https://www.facebook.com/thanalmuvattupuzha

Web:www.thanalmuvattupuzha.org